കേപ്പിലെ ഒഴിവുകൾ

54 (5859) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) AICTE മാനദണ്ഡമനുസരിച്ചുള്ള ജീവനക്കാർ കോപ്പിന്റെകീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടോ ; നിലവിൽ സ്ഥിരം ജീവനക്കാർ എത്ര ; കരാർ ജീവനക്കാർ എത്ര ; വിശദമാക്കാമോ ;

(ബി) കേപ്പ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഏതെല്ലാം തസ്തികകൾക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; ഏതെല്ലാം തസ്തികകൾക്ക് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് ; ഏതെല്ലാം തസ്തികകളിൽ ഇന്റർവ്യൂ നടന്നുവരുന്നു ; ഏതെല്ലാം തസ്തികകളിലേക്ക് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് ; ഓരോ തസ്തികയിലും ഉള്ള ഒഴിവുകൾ സഹിതം വ്യക്തമാക്കാമോ ;

(സി) കേപ്പ് സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് നിയമനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക ബാദ്ധ്യത പരിഹരിക്കാനായി എന്തുനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കേപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

സ്ഥിരം അധ്യാപക ജീവനക്കാർ	-	365
കരാർ അധ്യാപക ജീവനക്കാർ	-	98
നിലവിലുള്ള ആകെ അധ്യാപകർ	-	463

കോളേജ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. നിയമനങ്ങൾക്കായി ഇപ്പോൾ ഇന്റർവ്യൂ നടന്നുവരുന്നില്ല. എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

അസിസ്റ്റന്റ് പ്രൊഫസർ	17
അസോസിയേറ്റ് പ്രൊഫസർ	64
പ്രൊഫസർ	23
ആകെ ഒഴിവുകൾ	104

(സി) കേപ്പിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെയായി 72,22,25,984 രൂപ (എഴുത്തിരണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ) കേപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ

55 (5860) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിലവിലുള്ള സംഘങ്ങൾ എത്ര സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 94 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 10 സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്.

മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം

56 (5861) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly